# സാഹിത്യ മൂല്യം ഇല്ലാത്തൊരു പ്രസ്ഥാനം



**—ഡോ. കെ. ഭാസ്കരൻനായർ**

കഴിഞ്ഞുപോയ കാലഘട്ടത്തിലെ മഹാന്മാരായ സാഹിത്യനായകന്മാരെ ആരും—ഒരു പ്രസ്ഥാനവും—പിന്തള്ളിയിട്ടില്ല. വാല്മീകിയും വ്യാസനും കാളിദാസനും എഴുത്തച്ഛനും കുഞ്ചൻനമ്പ്യാരും ഉണ്ണായിവാര്യരും ഒരേയൊരു കൃതിമാത്രം രചിച്ച രാമപുരത്തു വാര്യർപോലും. ഇന്നും അതികായന്മാരായിത്തന്നെ നില്ക്കുന്നു.

ഒരു തലമുറയും പിറകേ വരുന്നവരെ പിടിച്ചുകെട്ടാറില്ല. തങ്ങളുടെ കൃതികളിൽ മാത്രമാണ് അവർ ജീവിക്കുന്നത്.

## നിർല്ലജ്ജമായ അനുകരണം

മലയാളസാഹിത്യത്തിലെ ആധുനിക പ്രസ്ഥാനമായില്ലാത്ത, നിർലജ്ജമായ, അനുകരണമാണ്. പാശ്ചാത്യരാജ്യക്കാരുടെ ഇടയ്ക്ക് അവർക്കുമാത്രം അനുഭവത്തിൽ വന്ന ഏതോ കാരണങ്ങളാൽ വാലും തലയുമില്ലാത്ത കുറേ വികൃതസാഹിത്യം ഉണ്ടായി. അതു കണ്ടപ്പോൾ ഇവിടെയും അങ്ങനെയൊരു പ്രസ്ഥാനത്തിനു പ്രസക്തിയുണ്ടെന്നും അതുവഴി പ്രശസ്തി നേടാമെന്നും വ്യാമോഹിച്ച ചിലയാളുകൾ നടത്തുന്ന എഴുത്താണിത്. മനോരമയുടെ ഒരു നവവാർഷികപ്പതിപ്പിൽ ഇതേപ്പറ്റി സാമാന്യം ദീർഘമായി ഞാൻ എഴുതിയിരുന്നു. (''കുറുക്കന്റെ വാലുമുണ്ടുന്നു...)

തലമുറകൾ തമ്മിലുള്ള വിടവ് എല്ലാക്കാലത്തും ഉള്ളതാണ്. പ്രായമായവരും ചെറുപ്പക്കാരും തമ്മിലുള്ള വ്യത്യാസമാണത്. അതു ജന്തുക്കളിൽപ്പോലും കാണാം. പൂച്ചക്കുട്ടി കളിക്കുന്നതുപോലെ തള്ളപ്പൂച്ച കളിക്കാറില്ല. സഹാനുഭൂതിയും രസികതയുമുള്ള തള്ളയാണെങ്കിൽ കണ്ണടച്ചിരുന്നു വാലാട്ടി കുഞ്ഞിനെ കളിപ്പിക്കും. അല്ലെങ്കിൽ 'പോടാ പോ' എന്ന ഭാവത്തിൽ തന്റെ പാടു നോക്കും. സാമൂഹികചലനങ്ങൾ എന്നാൽ എന്തെന്നു വ്യക്തമാകുന്നില്ല. പ്രകടനങ്ങളും ''സമര,,ങ്ങളും മററുമാണെങ്കിൽ അവയിൽ അകപ്പെട്ടു കിടക്കുന്നവരുടെ

സാഹിത്യം അവയ്ക്കു തീർച്ചയായും വിധേയമാണ്. അല്ലാത്തവർക്ക് ഒരു വിധേയത്വവുമില്ല. അതിന്റെ ആവശ്യവുമില്ല.

ഞാൻ കഥയും കവിതയും ഒന്നും എഴുതാത്തതുകൊണ്ടു സാഹിത്യകാരനാണോ എന്നു നിശ്ചയമില്ല. അതുകൊണ്ട് ആ ചോദ്യം വിടുന്നു..

ആധുനിക സാഹിത്യം എന്നൊന്ന് ഇല്ല. അങ്ങനെയൊരു പ്രസ്ഥാനമുണ്ട്. അതിൽ സാഹിത്യമൂല്യമുണ്ടോ എന്നു ചോദിച്ചാൽ, ഏറിയകൂറും ഇല്ലെന്നാണു കാണുന്നത് എന്നേ പറയാനുള്ളു.

## വിവേകത്തിന്റെ പ്രശ്നം

ശേഷമുള്ള ചോദ്യങ്ങൾക്കു പൊതുവേ ഉത്തരം പറയാം. നീണ്ടും ചലനങ്ങളുടെ കാര്യവും എന്റെ കാര്യവും പറയുന്നതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്.

സാഹിത്യകാരന്റെ വിവേകശക്തിക്ക് ഒരു പരിധിയുമില്ല. വിവേകബുദ്ധികൊണ്ടു സ്വയം വരുത്തുന്ന പരിമിതികളേയുള്ളു. മൂത്രപ്പുരയുടെ ചുമരുകളിൽ കരിക്കട്ടകൊണ്ട് എഴുതുന്നതെല്ലാം കടലാസ്സിലും എഴുതിവയ്ക്കാം. അച്ചടിക്കാൻ ആളുണ്ടെങ്കിൽ പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്യാം. വിലകൊടുത്തു വാങ്ങി വായിക്കുന്നവരും ഉണ്ടായേക്കാം. ഇതിലെല്ലാം വിവേകത്തിന്റെ പ്രശ്നമാണു മുഖ്യമായുള്ളത്.

സാഹിത്യത്തിൽ ഒരു സ്തംഭനവുമില്ല. കുറേ വർഷങ്ങൾക്കു മുമ്പു കവിതയുടെ കൂമ്പടഞ്ഞു എന്നു നാം കേട്ടിരുന്നില്ലേ? അതുപോലെയുള്ള ''വെറുംപറച്ചി,,ലാണിത്. ഒരുതരം മുദ്രാവാക്യം.

പണത്തിനുവേണ്ടി എഴുതുന്നവർ, പേരിനുവേണ്ടി എഴുതുന്നവർ, അടക്കുവാൻ കഴിയാത്ത ആവേശംകൊണ്ട് എഴുതുന്നവർ, അന്യർക്കു മനസ്സിലാക്കുവാൻ കഴിയാത്ത ഉപാസനയായി എഴുതുന്നവർ, എന്നിങ്ങനെ സാഹിത്യകാരന്മാർ പലതരക്കാരുണ്ട്. ഇവരെയെല്ലാം നമ്മുടെ സാഹിത്യത്തിലും കാണാം. എല്ലാവരും ധാരാളം എഴുതുന്നുമുണ്ട്. പിന്നെ എന്തു സ്തംഭനം?

എന്റെ തലമുറ ഷഷ്ടിപൂർത്തിയിൽ എത്തിയ തലമുറയാണ്. ഞങ്ങൾക്കിനി എന്തു വഴിത്തിരിവ്? ജീവിതത്തെക്കുറിച്ചു മാത്രമല്ല മരണത്തെക്കുറിച്ചും ചിന്തിക്കേണ്ട കാലമാണ്. അതുകൊണ്ടു ഞങ്ങളുടെ നിലനില്പിന്റെ കാര്യം വിടാം. രചനാരീതികളുടെയും സങ്കേതങ്ങളുടെയും കാര്യമാണെങ്കിൽ, അതാണു മുകളിൽ പറഞ്ഞത്.



Digitized by Kerala Sahitya Akademi